**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6556** **11-07-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ-വടക്കുംഭാഗം റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2022-23 ലെ ബജറ്റിൽ പ്രഖ്യാപിച്ച കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ-വടക്കുംഭാഗം റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കുമോ; | (എ) | തൃക്കരിയൂർ വടക്കുംഭാഗം റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് 2022----- ---23 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 1000 ലക്ഷം രൂപയുടെ ഭരണാനുമതി 09.12.2022 ൽ നൽകിയിരുന്നു. എന്നാൽ ഭരണാനുമതി എസ്റ്റിമേറ്റിൽ 6 മീറ്റർ സ്പാനുള്ള പുലിമല കനാൽ ബ്രിഡ്ജും (12% GST) ഉൾപ്പെട്ടിരുന്നു. എന്നാൽ ടി പാലത്തിന് വേണ്ടി 200 ലക്ഷം രൂപ 2022-23 ബഡ്ജറ്റിൽ വേറെയും അനുവദിച്ചിരുന്നു. അത് കണക്കിലെടുത്ത് പാലം നിർമ്മാണം ഒഴിവാക്കി നിരത്ത് വിഭാഗം സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. ഇപ്രകാരം തയ്യാറാക്കി എസ്റ്റിമേറ്റിൽ പാലം ഒഴിവാക്കിയത് മൂലം വന്ന സേവിംഗ്സ്, നിയമപ്രകാരമുള്ള അധിക ജി.എസ്.ടി. (6%) നിരക്കിനായി ഉപയോഗിക്കുകയും ചെയ്തിരുന്നു. |
| (ബി) | പ്രസ്തുത റോഡ് പൂർണ്ണമായും തകർന്ന് സഞ്ചാരയോഗ്യമല്ലാതായിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | സാങ്കേതിക അനുമതി അടിയന്തരമായി ലഭ്യമാക്കി റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | 01.07.2024-ൽ സാങ്കേതികാനുമതി നൽകിയിട്ടുണ്ട് . നിലവിൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടി ക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ